# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.02.2025**

### പ്രധാനവാർത്തകൾ

1) മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച് സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ട് സംസ്ഥാന മന്ത്രിസഭായോഗം. വീടുകളുടെ നിർമാണ തുക 20 ലക്ഷമായി നിജപ്പെടുത്തി
2) സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പരിശീലനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം സർവ്വീസുകളിലെ നിയമനത്തിന് വെയിറ്റേജ് അനുവദിക്കാനും തീരുമാനം.
3) സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ജനുവരി മാസത്തെ ഓണറേറിയം കുടിശ്ശിക സർക്കാർ അനുവദിച്ചു. ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് ധന വകുപ്പുമായി ചർച്ച നടത്തുന്നുണ്ടെന്ന് മന്ത്രി വീണാ ജോർജ്
4) പൊതുസ്ഥലങ്ങളിൽ അനുമതിയില്ലാതെ കൊടിമരങ്ങൾ സ്ഥാപിക്കുന്നത് വിലക്കി ഹൈക്കോടതി
5) കേരളത്തിന്റെ തീരപ്രദേശത്ത് കടൽ മണൽ ഖനനം നടത്തുന്നതിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ്

RNU TVPM

നേരത്തെ തന്നെ അറിയിച്ചതാണെന്ന് മന്ത്രി പി രാജീവ്.

6) രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ വിദർഭയ്ക്കെതിരെ 3 വിക്കറ്റിന് 131 റൺസ് എന്ന നിലയിൽ കേരളം

&&&&&&&&&&&&&&&&&&&

വയനാട് - മന്ത്രിസഭ

മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം സംബന്ധിച്ച് സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ട് സംസ്ഥാന മന്ത്രിസഭായോഗം. ടൗൺഷിപ്പിൽ നിർമിക്കുന്ന ഒരു വീടിൻറെ സ്പോൺസർഷിപ്പ് തുക 20 ലക്ഷം രൂപയായി നിജപ്പെടുത്തി. പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് മാത്രമായി ഏറ്റെടുക്കാനും, ഭൂമി 7 സെന്റ് വീതമുള്ള പ്ലോട്ടായി പുനഃക്രമീകരിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു. വീടുകൾ 12 വർഷത്തേക്ക് അന്യാധീനപ്പെടുത്താൻ പാടില്ല. ദുരന്തം കാരണം ഒറ്റപ്പെട്ടു പോകുന്ന വീടുകളെ ഉൾപ്പെടുത്തിയിട്ടുളള കരട് ഫേസ് 2 B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്തും. ദുരന്തബാധിതർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത അതേ വ്യവസ്ഥയിൽ തുടർന്നും അനുവദിക്കും. . സപ്ലൈകോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ വാടകയ്ക്ക്

RNU TVPM

താമസിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&&

**മന്ത്രിസഭ 2**

എസ് എസ് എൽ സി, പ്ലസ് ടു തലങ്ങളിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പരിശീലനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് പി എസ് സി വഴിയുള്ള യുണിഫോം സർവ്വീസുകളിലെ നിയമനത്തിന് വെയിറ്റേജ് അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും സ്റ്റുഡന്റ് പൊലീസ് കേഡറ്റ് സംവിധാനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കും. മുനമ്പം കമ്മീഷൻ്റെ കാലാവധി മൂന്ന് മാസത്തേക്ക് ദീർഘിപ്പിച്ച് നൽകാനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി. .

RNU TVPM

&&&&&&&&&&&&&&&&&&&

**മന്ത്രി വീണാ ജോർജ്- ആശ-INTRO**

സംസ്ഥാനത്തെ ആശാ വർക്കർമാരുടെ ജനുവരി മാസത്തെ ഓണറേറിയം കുടിശ്ശിക സർക്കാർ അനുവദിച്ചു. ഇതോടെ നൽകാനുണ്ടായിരുന്ന മൂന്ന് മാസത്തെ കുടിശ്ശികയും സംസ്ഥാന സർക്കാർ കൊടുത്തു

തീർത്തു. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച് ധന വകുപ്പുമായി ചർച്ച നടത്തുന്നുണ്ടെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ആശാ വർക്കർമാരുടെ കാര്യത്തിൽ സർക്കാരിൻറെ ഭാഗത്തു നിന്നും കടുംപിടിത്തം ഉണ്ടാകില്ല. ആശമാർക്ക് നിലവിൽ 13,000 രൂപയ്ക്ക് അടുത്ത് ഓണറേറിയം ലഭിക്കുന്നതിൽ 9,500 രൂപ സംസ്ഥാനം നൽകുന്നതാണ്. വിഷയത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്നും ആരോഗ്യ മന്ത്രി വ്യക്തമാക്കി. (വോയിസ്)

സെക്രട്ടേറിയേറ്റിനു മുന്നിൽ ആശാ വർക്കർമാർ 18 ദിവസമായി സമരം തുടരുകയാണ്. ഓണറേറിയം വർധിപ്പിക്കൽ ഉൾപ്പെടെയുള്ള പ്രധാന ആവശ്യങ്ങൾ നടപ്പിലാക്കാതെ സമരത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് സമരക്കാർ വ്യക്തമാക്കി.

PRD TVPM

&&&&&&&&&&&&&&&&&&

## യൂത്ത് കോൺഗ്രസ് മാർച്ച്

ആശാ വർക്കർമാരുടെ സമരത്തിന് പിന്തുണയുമായി യൂത്ത് കോൺഗ്രസ് സെക്രട്ടേറിയറ്റിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പ്രവർത്തകരെ പൊലീസ് ബാരിക്കേഡ് ഉപയോഗിച്ച് തടഞ്ഞതോടെ ഉന്തും

തള്ളും ഉണ്ടായി. തുടർന്ന് പ്രവർത്തകരെ പിരിച്ചു വിടാൻ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. സംഘർഷത്തിൽ വനിതാ പ്രവർത്തകയ്ക്ക് പരിക്കേറ്റിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**ഹൈക്കോടതി-കൊടിമരം**

പാതയോരം ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലും പുറമ്പോക്കുകളിലും അനുമതിയില്ലാതെ സ്ഥിരമായോ താൽക്കാലികമായോ കൊടിമരങ്ങൾ സ്ഥാപിക്കുന്നത് വിലക്കി ഹൈക്കോടതി. നിലവിൽ അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള എല്ലാ കൊടിമരങ്ങളും നീക്കം ചെയ്യുന്നതിനുള്ള സർക്കാർ നയത്തിന് ആറ് മാസത്തിനകം രൂപം നൽകണമെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉത്തരവിൽ വ്യക്തമാക്കി. നടപടികളിലെ പുരോഗതി സംബന്ധിച്ച് തദ്ദേശ സെക്രട്ടറി ഒരു മാസത്തിനകം റിപ്പോർട്ട് നൽകാനും കോടതി നിർദ്ദേശിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

**തീരദേശ ഹർത്താൽ**

കടൽമണൽ ഖനന നീക്കത്തിനെതിരെ മത്സ്യത്തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ സംസ്ഥാനത്ത് പുരോഗമിക്കുന്നു. പരമ്പരാഗതയാനങ്ങളും, ട്രോളിങ് ബോട്ടുകളും

മത്സ്യബന്ധനത്തിന് പോയില്ല. മത്സ്യബന്ധന തുറമുഖങ്ങളുടെയും, വിപണന കേന്ദ്രങ്ങളുടെയും പ്രവർത്തനത്തെ ഹർത്താൽ ബാധിച്ചിട്ടുണ്ട്. ഇന്നലെ അർദ്ധരാത്രി ആരംഭിച്ച 24 മണിക്കൂർ ഹർത്താൽ ഇന്ന് അർദ്ധരാത്രി വരെ നീളും

&&&&&&&&&&&&&&&&&&

**പി രാജീവ്**

കേരളത്തിൻറെ തീരപ്രദേശത്ത് കടൽ മണൽ ഖനനം നടത്തുന്നതിൽ സംസ്ഥാനത്തിൻറെ വിയോജിപ്പ് നേരത്തെ തന്നെ കേന്ദ്രത്തെ അറിയിച്ചതാണെന്ന് മന്ത്രി പി രാജീവ് . ഇതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും മത്സ്യത്തൊഴിലാളി മേഖലയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളും ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര സർക്കാരിന് കത്ത് നൽകിയതെന്നും അദ്ദേഹം സെക്രട്ടേറിയറ്റിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കടൽ മണൽ ഖനനത്തിനെതിരായി പ്രതിപക്ഷവുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാണെന്ന് മുഖ്യമന്ത്രി നിയമസഭയിൽ അറിയിച്ചിരുന്നു. വിഷയത്തിൽ മാധ്യമങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ നൽകുന്നത് ദൗർഭാഗ്യകരമാണെന്നും ശ്രീ പി. രാജീവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**വെഞ്ഞാറമൂട് കൂട്ടക്കൊല കേസ്**

RIJU TVPM

വെഞ്ഞാറമൂട് കൂട്ടക്കൊല കേസിൽ പ്രതി അഫാൻ്റെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി.

അമ്മൂമ്മ സൽമാബീവിയെ കൊലപ്പെടുത്തിയ കേസിൽ,

മെഡിക്കൽ കോളേജിൽ എത്തിയാണ് പാങ്ങോട് പോലീസ് അറസ്റ്റ് രേഖപ്പെടുത്തിയത്. അഫാനെ ഇന്ന് ഡിസ്ചാർജ് ചെയ്യില്ല. കസ്റ്റഡിയിൽ വാങ്ങുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ മെഡിക്കൽ ബോർഡിൻ്റെ നിർദേശം അനുസരിച്ചു തീരുമാനിക്കും. കസ്റ്റഡിയിൽ വാങ്ങിയ ശേഷമാകും മറ്റു കേസുകളിലെ അറസ്റ്റ് രേഖപ്പെടുത്തുക.

&&&&&&&&&&&&&&&&&&

**പി സി ജോർജ്**

മത വിദ്വേഷ പരാമർശ കേസിൽ അറസ്റ്റിലായ മുൻ എം എൽ എ പി സി ജോർജിൻ്റെ ജാമ്യാപേക്ഷയിൽ കോട്ടയം മുൻസിഫ് കോടതി നാളെ വിധി പറയും.പൊതു പ്രവർത്തകനെന്ന നിലയിൽ സ്വഭാവിക ജാമ്യം അനുവദിക്കണമെന്നാണ് പിസി ജോർജിൻ്റെ ആവശ്യം. എന്നാൽ തുടർച്ചയായി ജാമ്യ വ്യവസ്ഥകൾ ലംഘിക്കുന്നതിനിടെ, വീണ്ടും ജാമ്യം കൊടുക്കുന്നത് തെറ്റായ സന്ദേശം നൽകുമെന്ന് പ്രോസിക്യൂഷൻ വാദിച്ചു. പി.സി ജോർജ് നിലവിൽ കോട്ടയം മെഡിക്കൽ കോളജിൽ ചികിൽസയിൽ തുടരുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&&

**കൊല്ലം കോർപ്പറേഷൻ മേയർ**

കൊല്ലം കോർപ്പറേഷൻ മേയറായി സിപിഐ യുടെ ഹണി ബെഞ്ചമിൻ സത്യപ്രതിജ്ഞ ചെയ്തു. സിപിഐ-എം മേയർ പ്രസന്ന ഏണസ്റ്റ് കഴിഞ്ഞ ദിവസം രാജിവെച്ചതിനെ തുടർന്ന് ഇന്ന് നടന്ന വോട്ടെടുപ്പിലാണ് ഹണി ബെഞ്ചമിൻ തെരഞ്ഞെടുക്കപ്പെട്ടത്. സിപിഐ-എം മേയർ സ്ഥാനം ഒഴിയാൻ വൈകിയതിൽ, സിപിഐ ഡെപ്യൂട്ടി മേയർ സ്ഥാനം രാജി വെച്ച് പ്രതിഷേധിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

**ഉഷ്ണതരംഗ സാധ്യത-പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിൽ ഉഷ്ണതരംഗ സാധ്യത മുന്നിൽ കണ്ട് മുൻകരുതൽ നടപടികൾ തുടങ്ങി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി. വർദ്ധിക്കുന്ന ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ

ഒഴിവാക്കാൻ ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പും നിർദ്ദേശം നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.........**

**(ഹോൾഡ് - വോയിസ്)**

RNUTVPM

&&&&&&&&&&&&&&&&&&

**കാൻസർ പ്രതിരോധ ബോധവൽക്കരണ പരിപാടി**

ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം- അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ബോധവൽക്കരണ പരിപാടിയിലൂടെ ഇതുവരെ 4 ലക്ഷത്തിലധികം പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1,398 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. ബിപിഎൽ വിഭാഗക്കാർക്ക് സൗജന്യമായും എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലുമാണ് പരിശോധന.

RNUTVPM

&&&&&&&&&&&&&&&&&&

**രഞ്ജി ട്രോഫി ക്രിക്കറ്റ്**

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ ഒന്നാം ഇന്നിങ്സിൽ വിദർഭയ്ക്കെതിരെ 3 വിക്കറ്റിന് 131 റൺസ് എന്ന നിലയിൽ കേരളം. 66 റൺസുമായി പുറത്താകാതെ നിൽക്കുന്ന ആദിത്യ സർവാതെയുടെ ബാറ്റിംഗാണ് കേരളത്തെ തുണച്ചത്. രണ്ടാം ദിനമായ ഇന്ന്, 379 റൺസോടെയാണ് വിദർഭ ആദ്യ ഇന്നിംഗ്സ്

പൂർത്തിയാക്കിയത്.                                                    ഡാനിഷ്

മലേശ്വർ  വിദർഭയ്ക്കായി സെഞ്ച്വറി  നേടി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM